LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ്/സ്ഥാപനം
XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ	2019-20 (കാലതാമസ പത്രിക സഹിതം)	ലീഗൽ മെട്രോളജി വകുപ്പ്
XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ.	2019-20 (കാലതാമസ പത്രിക സഹിതം)	ലീഗൽ മെട്രോളജി വകുപ്പ്
XXX - ഭക്ഷ്യം	,,	ഭക്ഷ്യ പൊതു-വിതരണ ഉപഭോക്തൃകാര്യ വകുപ്പ്

VIII ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന

2020-ലെ കേരള പോലീസ് ചട്ടങ്ങൾക്കുള്ള ഭേദഗതി

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2020 ഏപ്രിൽ 16-ാം തീയതിയിലെ സ.ഉ (അച്ചടി) നമ്പർ 18/2020/ആഭ്യന്തരം (എസ്.ആർ.ഒ. നമ്പർ 275/2020) മുഖേന പുറപ്പെടുവിച്ചിട്ടുള്ള കേരള പോലീസ് ചട്ടങ്ങൾ 2020-നുള്ള ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്. 2010-ൽ അന്ന് നിലവിലുണ്ടായിരുന്ന ഭരണകക്ഷിയും പ്രതിപക്ഷവും യോജിച്ച്, നാട്ടിലെ സാധാരണക്കാരുമായും പോലീസ് സേനയുമായും ബന്ധപ്പെട്ട് ഈ നിയമം വളരെ അനിവാര്യമായതുകൊണ്ടും ഒരുപാട് പഴക്കമുള്ള നിയമമാകയാലും കാലാനുസൃതമായ പരിഷ്കാരം ആവശ്യമുള്ളതുകൊണ്ടുമാണ് കേരള പോലീസ് ആക്ടിന് ഭേദഗതി വേണമെന്ന് തീരുമാനിച്ചത്. അന്ന് ഇതിനുവേണ്ടി ഒരു നിയമസഭാ കമ്മിറ്റിയെ നിയോഗിക്കുകയും ആ കമ്മിറ്റി കേരളാ പോലീസ് ആക്ടിന് വരിയതോതിലുള്ള ഭേദഗതികൾ നിർദ്ദേശിക്കുകയും പോലീസ് ആക്ട് നിലവിൽവരികയും ചെയ്തു. ആ ആക്ട് പ്രാവർത്തികമാകണമെങ്കിൽ അതിന്റെ ചട്ടങ്ങൾകൂടി വരണം. കഴിഞ്ഞ നിയമസഭകളുടെ കാലത്ത് പോലീസ് ആക്ടിന്

LIBRARY ARCHIVES Kerala Legislative Assembly

ചട്ടങ്ങൾ രൂപീകരിക്കണമെന്നാവശ്യപ്പെട്ട് പല സന്ദർഭങ്ങളിലും ക്രമപ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ട്. പക്ഷേ പോലീസ് ആക്ടിന് ഇതുവരെ ചട്ടങ്ങളുണ്ടായിരുന്നില്ല. 1-6-2021-നാണ് SRO No. 275/2020 ആയി കേരള പോലീസ് ആക്ടിനുള്ള ചട്ടങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയുടെ മേശപ്പുറത്തുവച്ചത്. പോലീസ് സേനയുടെ കാര്യക്ഷമതയ്ക്കും ചെറിയ കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷയ്ക്കുമൊക്കെയായി ട്രാഫിക് ഒഫൻസുകളുൾപ്പെടെയുള്ള കാര്യങ്ങൾ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. പോലീസ് സേനയുടെ കാര്യക്ഷമത, ചെറിയ കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ, ട്രാഫിക് ഒഫൻസുകൾക്കുള്ള ശിക്ഷ എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്.

1.00 pm]

ഇതിൽ 9-ാം ചട്ടത്തിൽ പോലീസ് അസോസിയേഷനുകളുടെ പ്രവർത്തനത്തെ സംബന്ധിച്ചാണ് പറയുന്നത്. അതിലെ ഭേദഗതികൾ വളരെ സ്വാഗതാർഹമാണ്. പോലീസിന് അസോസിയേഷൻ വേണ്ട എന്ന് വ്യക്തിപരമായി അഭിപ്രായമുള്ള ആളാണ് ഞാൻ. മിലിട്ടറിപോലെ, പോലീസിൽ സംഘടനയും സംഘടനാ സ്വാതന്ത്ര്യവുമൊന്നും വേണ്ട. കാലങ്ങളായി പോലീസ് അസോസിയേഷൻ ഉള്ളതാണ്.

മി. സ്പീക്കർ: അങ്ങ് ഭേദഗതി ചുരുക്കി അവതരിപ്പിക്കൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ചുരുക്കി പറയാം. അതിന്റെ ഒരു പൂർത്തീകരണത്തിനുവേണ്ടിയുള്ള ഭേദഗതി മാത്രമേ പറയുന്നുള്ളൂ. 9(1)ൽ പറയുന്നത് 'പോലീസ് അസോസിയേഷനുകൾ രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ്' എന്നാണ്. 9(2)-ൽ പറയുന്നത് 'യാതൊരു രാഷ്ട്രീയ പ്രവർത്തനങ്ങളിലും പോലീസ് അസോസിയേഷനുകൾ പ്രത്യക്ഷമായോ പരോക്ഷമായോ പങ്കെടുക്കുവാൻ പാടില്ല' എന്നാണ്. 'പോലീസ് അസോസിയേഷനിലെ അംഗങ്ങളുടെയും ഭാരവാഹികളുടെയും പ്രവർത്തനം ഔദ്യോഗിക കൃത്യനിർവ്വഹണങ്ങൾക്കും ചുമതലകൾക്കും യാതൊരു തരത്തിലുള്ള വീഴ്ചകളും വരുത്താൻ പാടില്ല'. 'രണ്ട് വർഷത്തിൽ കൂടുതൽ തുടർച്ചയായി ഒരു അംഗം ജില്ലാതലത്തിലോ സംസ്ഥാനതലത്തിലോ പോലീസ് അസോസിയേഷന്റെ ഭാരവാഹിയാകാൻ പാടില്ല'. പിന്നീട് മൂന്ന് വർഷത്തെ ഇടവേളയ്ക്കുശേഷം ഇയാൾക്ക് വേണമെങ്കിൽ ഭാരവാഹിയാകാം എന്നാണ് പറയുന്നത്. 'പോലീസ് അസോസിയേഷന്റെ യാതൊരു ഭാരവാഹിയും സംസ്ഥാന പോലീസ് മേധാവിയുടെ മുൻകൂർ അനുമതി കൂടാതെ പത്ര, ദൃശ്യ, സാമൂഹ്യ മാധ്യമങ്ങളുമായി ആശയ വിനിമയം നടത്തുകയോ ഏതെങ്കിലും വിവരം പ്രസിദ്ധപ്പെടുത്തുകയോ ചെയ്യാൻ പാടില്ല' എന്നതാണ്. ഇതെല്ലാം വളരെ സ്വാഗതാർഹമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അങ്ങയുടെ ഭേദഗതി അവതരിപ്പിക്കു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോലീസ് സേനാംഗങ്ങളിൽനിന്നും നിർബന്ധിത പണപ്പിരിവ് നടത്താൻ പാടില്ല എന്നതും വളരെ സ്വാഗതാർഹമാണ്.

മി. സ്പീക്കർ: അത് മുഴുവൻ വായിക്കണമെന്നില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇതെല്ലാം നല്ലതാണ്. സ്വകാര്യ വ്യക്തികളിൽ നിന്ന് പണം സ്വീകരിക്കാൻ പാടില്ല, പോലീസ് അസോസിയേഷനുകളുടെ സമ്മേളനങ്ങൾ ഒരു ദിവസത്തിൽ കൂടുതൽ നീണ്ടുനിൽക്കാൻ പാടില്ല തുടങ്ങിയ കാര്യങ്ങളും ഏറെ സ്വാഗതാർഹമാണ്. നിലവിൽ പോലീസ് അല്ലാത്ത ആൾ ഇതിന്റെ ഭാരവാഹിയാകാനും പാടില്ല എന്ന് പറയുന്നുണ്ട്. ഒരു ട്രേഡ് യൂണിയൻ സ്വഭാവം വരേണ്ട എന്നുള്ള നിലയ്ക്കാണിത്. പോലീസ് അസോസിയേഷന് ഒരു അടുക്കും ചിട്ടയും പെരുമാറ്റച്ചട്ടവുമൊക്കെ കൊണ്ടുവരാനുള്ള ഇതിലെ ചട്ടം 9-ലെ ക്ലോസ് 1 മുതൽ 9 വരെയുള്ള നിർദ്ദേശങ്ങൾ ഏറെ സ്വാഗതാർഹമാണ്. ഇതിന് ലംഘനമുണ്ടായാൽ എന്ത് വേണമെന്നുകൂടി പത്താമത്തെ ക്ലോസായി പറഞ്ഞില്ലെങ്കിൽ ഈ നിയമനിർമ്മാണം പൂർത്തിയാകില്ല. അതുകൊണ്ട് 9-ാം ചട്ടത്തിൽ ക്ലോസ് 1 മുതൽ 9 വരെയുള്ളവയുടെ ലംഘനമുണ്ടായാൽ സംസ്ഥാന പോലീസ് മേധാവിക്ക് അപ്രകാരം ലംഘനം നടത്തിയവർക്കെതിരെ വകുപ്പ് തലത്തിലുള്ള ശക്തമായ ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് ക്ലോസ് 10 ആയി ഇതിന്റെകൂടെ കൂട്ടിച്ചേർക്കണം എന്നുള്ളതാണ് എന്റെ ഭേദഗതി.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, കേരള പോലീസ് ആക്ട്, 2011-ലെ 114(എ) മുതൽ (ഇ) വരെയുള്ള ഉപശീർഷകത്തിലെ വ്യവസ്ഥകളനുസരിച്ചതന്നെ പോലീസ് സേനയിലെ അംഗങ്ങൾക്ക് ബാധകമായിട്ടുള്ള ഏതെങ്കിലും നിയമ വ്യവസ്ഥയോ നടപടിക്രമമോ ചട്ടങ്ങളോ റെഗുലേഷനുകളോ ലംഘിക്കുകയോ ഉപേക്ഷ കാണിക്കുകയോ ചെയ്താൽ ക്രിമിനൽ നിയമനടപടിയും വകുപ്പുതല അച്ചടക്കനടപടിയും എടുക്കുന്നതിന് കഴിയും. അതിനാൽ നോട്ടീസിൽ പറയുന്ന പ്രകാരമുള്ള ഭേദഗതി ആവശ്യമായി വരുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.